

TUESDAY 26-10-2021 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian    Editor : Dr Asha T T



**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -26/10/2021

1. സംസ്ഥാനത്തുണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും കൃഷിനാശം സംഭവിച്ചിട്ടുള്ള കർഷകർക്ക് നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര അപേക്ഷകളിൽ നടപടി 30 ദിവസത്തിനകം പൂർത്തിയാക്കുന്നതാണെന്ന് കൃഷിമന്ത്രി പി. പ്രസാദ് അറിയിച്ചു. വിളനാശം സംഭവിച്ചിട്ടുള്ള കർഷകർക്ക് വിള നാശത്തിനുള്ള നഷ്ടപരിഹാരത്തിന് പുറമേ കൃഷി പുനസ്ഥാപിക്കുന്നതിനായി പല ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. വിത്ത് വിതച്ച ശേഷം വെള്ളം കയറി വിത നഷ്ടപ്പെട്ട കർഷകർക്ക് നെൽവിത്ത് പൂർണമായും സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതായിരിക്കും. കൂടാതെ പാടശേഖരങ്ങളിൽ മടവീഴ്ച മൂലം കൃഷി നാശം സംഭവിച്ച മേഖലകളിൽ പുറം ബണ്ട് കെട്ടുന്നതിനും ബണ്ടുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും ആയി സർക്കാരിൽനിന്നും പ്രത്യേകം ധനസഹായം അനുവദിക്കുമെന്ന് കൃഷിമന്ത്രി അറിയിച്ചു. കാർഷിക വിളകൾ ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഉള്ള നഷ്ടപരിഹാരത്തുകയും ദുരന്ത നിവാരണ ഫണ്ടിൽ നിന്നുള്ള തുകയും ലഭിക്കും. വിളകൾ ഇൻഷ്വർ ചെയ്യാത്ത കർഷകർക്ക് സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നുള്ള നഷ്ടപരിഹാര തുകയാണ് ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. ജില്ലാതലത്തിൽ ദുരന്തനിവാരണ വകുപ്പിൽ നിന്നുള്ള ധനസഹായം കർഷകർക്ക് സമയബന്ധിതമായി എത്തിക്കുന്നതിന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി വകുപ്പുകൾക്ക് നിർദ്ദേശം നല്കി. ധനസഹായ വിതരണത്തിനുള്ള അപേക്ഷ ക്ഷണിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രളയത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായ കർഷകർ അതാതു പഞ്ചായത്തിലെ മൃഗാശുപത്രിയിലെ വെറ്ററിനറി സർജന്റെ ഓഫീസിലോ, ക്ഷീരവികസന വകുപ്പിന്റെ ബ്ലോക്ക് തലത്തിലെ ഓഫീസിലോ പത്ത് ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തുന്ന പരിശീലനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് നാളെ (ഒക്ടോബർ 27) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ എൻ.ഐ.ആർ.റ്റി.-യിലെ ഡെപ്യൂട്ടി ഡയറക്ടർ ഫോണിലൂടെ മറുപടി നൽകും. താൽപര്യമുള്ളവർ **0481 2576622** എന്ന കോൾസെന്റർ നമ്പരിലേയ്ക്ക് വിളിക്കുക.

**പരിശീലന പരിപാടികൾ**

4. കേരള കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് ഈ മാസം **28,29,30** തീയതികളിലും നവംബർ മാസം **1,2** തീയതികളിലും **അക്വാപോണിക്സ് കൃഷിരീതിയിൽ** 5 ദിവസത്തെ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. വിവിധതരം അക്വാപോണിക്സ് സിസ്റ്റം-രൂപകൽപ്പനകൾ, നിർമ്മാണം പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗും, നിയന്ത്രണമാർഗങ്ങളും, വള പ്രയോഗ മാർഗങ്ങൾ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് വീഡിയോ കാണിച്ചുകൊണ്ട് ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **7025498850, 7736690639, 0487 2960079** എന്നീ നമ്പരുകളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **ഫോഡർ വിളകളും കന്നു കാലികളുടെ തീറ്റക്രമവും** എന്ന വിഷയത്തിൽ നാളെ (27/10/21ന്) മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മുതൽ 4.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരമാവധി 30 പേർക്കായിരിക്കും പരിശീലനം. പരിശീലനത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പങ്കെടുക്കുന്നവർ 0491- 2815454 എന്ന നമ്പറിലേക്ക് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണെന്നു മലമ്പുഴ മൃഗസംരക്ഷണപരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

6. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (26/10/2021) രാവിലെ 10.30 ന് **ഡയറിഫാമുകളിലെ മാലിന്യസംസ്കരണം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി meet.google.com/qdo-ubsz-huc എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക

7. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ക്ലാസ്റും പരിശീലന പരിപാടി **നാളെയും മറ്റന്നാളുമായി** (ഒക്ടോബർ 27,28) രാവിലെ 10 മണി മുതൽ ഈരയിൽക്കടവിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. താൽപര്യമുള്ളവർ **6465445536** എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ നിർബന്ധമായും സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. പരിശീലനത്തിൽ പങ്കെടുക്കാൻ ആധാർകാർഡ്, കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നാളെ (27.10.2021) രാവിലെ 11 മണി മുതൽ **കന്നുകാലികളിലെ വിര നിയന്ത്രണം, പ്രതിരോധ കുത്തിവയ്പ്പുകൾ, പ്രഥമ ശ്രുശ്രൂഷകൾ** എന്നീ വിഷയങ്ങളിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.